**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1892** **12-09-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) | കിഫ്‌ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പെരിങ്ങോം കോളേജിന്റെ കെട്ടിട നിർമ്മാണത്തിനായി DPR ഉണ്ടാക്കുന്നത്തിന്റെ ഭാഗമായി KITCO ടോപോഗ്രാഫിക് സർവേയും, മണ്ണ് സർവേയും നടത്തുകയും PRICE DSR 2016 ന്റെ അടിസ്ഥാനത്തിൽ 9.72 കോടിയുടെ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത പ്രൊപ്പോസലിന് കിഫ്‌ബി സാമ്പത്തിക അനുമതിയും സാങ്കേതികാനുമതിയും നൽകുകയും ടെൻഡർ നടത്തുകയും ചെയ്തു.ടി ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ നാളിതുവരെ കോൺട്രാക്ട് നൽകാൻ കഴിഞ്ഞിട്ടില്ല. DSR 2018 നിലവിൽ വന്നതിനാൽ 11.99 കോടിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയാറാക്കുകയും പ്രസ്തുത പ്രൊപ്പോസലിന് കിഫ്‌ബിയുടെ സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. KITCO റീ ടെൻഡർ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിൽ കാലതാമസം നേരിടുന്ന ഘട്ടത്തിൽ ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നിട്ടുണ്ടോ; എങ്കിൽ പ്രസ്തുത യോഗത്തിൽ എടുത്ത തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | പദ്ധതി നിർവഹണത്തിലെ കാലതാമസം ചർച്ച ചെയ്യുന്നതിന് ബഹു: എം.എൽ.എ-യുടെ ആവശ്യപ്രകാരം 02.03.2023-ൽ യോഗം ചേരുകയും ധനകാര്യ അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ KITCO-യെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് KIFBI യിൽ നിന്ന് അനുമതി ലഭ്യമായി. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകന യോഗം 5.7.23-നു ചേരുകയും പദ്ധതി നിർവ്വഹണ ഏജൻസികളായ KITE,KITCO KSITL എന്നീ SPV കളുടെ പ്രതിനിധികളുമായി കിഫ്‌ബി വർക്കുകളുടെ അവലോകനം നടത്തുകയും ചെയ്തു. പ്രസ്തുത അവലോകന യോഗത്തിൽ റീടെൻഡർ നടപടികൾ ഉടൻ ആരംഭിക്കുമെന്ന് KITCO പ്രതിനിധി അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (സി) | പദ്ധതി നിർവഹണത്തിലെ കാലതാമസം ചർച്ച ചെയ്യുന്നതിന് ബഹു: എം.എൽ.എ-യുടെ ആവശ്യപ്രകാരം 02.03.2023-ൽ യോഗം ചേരുകയും ധനകാര്യ അനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ KITCO-യെ ചുമതലപ്പെടുത്തുകയും ചെയ്തു. തുടർന്ന് KIFBI യിൽ നിന്ന് അനുമതി ലഭ്യമായി. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ നിർമ്മാണ പ്രവർത്തനങ്ങളുടെ അവലോകന യോഗം 5.7.23-നു ചേരുകയും പദ്ധതി നിർവ്വഹണ ഏജൻസികളായ KITE,KITCO KSITL എന്നീ SPV കളുടെ പ്രതിനിധികളുമായി കിഫ്ബി വർക്കുകളുടെ അവലോകനം നടത്തുകയും ചെയ്തു. പ്രസ്തുത അവലോകന യോഗത്തിൽ റീടെൻഡർ നടപടികൾ ഉടൻ ആരംഭിക്കുമെന്ന് KITCO പ്രതിനിധി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ